# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 2987.

21..6..2013-ൽ മറുപടിക്ക്

## ക്ഷീരഗംഗ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി, കർഷകർക്ക് പശു/കിടാരികളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന എം.എസ്.ഡി.പി., തീറ്റപ്പുൽ കൃഷി വികസന പദ്ധതി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്നിവയാണ് ക്ഷീരവികസന വകുപ്പു വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ.<br><br>പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിടനിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു. |

| | |
|---|---|
| (ബി) ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2012-13 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എത്ര ധനസഹായം ലഭ്യമായി; വിശദാംശം നല്കാമോ; | (ബി) ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2012-13 വർഷത്തിൽ എ.സി.എ. ഇനത്തിൽ 93.62 ലക്ഷം രൂപയും 13-ധനകാര്യ കമ്മിഷൻ അവാർഡ് ഇനത്തിൽ 37.4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 131.02 ലക്ഷം രൂപ ക്ഷീരവികസന വകുപ്പിന് ലഭിച്ചിട്ടുണ്ട്. കൂടാതെ മിൽമയ്ക്ക് 593.45 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച ക്ഷീരഗംഗ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലെ എത്ര കർഷകർക്കാണ് ധനസഹായം ലഭ്യമാക്കിയത്; | (സി) ക്ഷീരഗംഗ എന്ന പേരിൽ ക്ഷീരവികസന വകുപ്പ് പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. |
| (ഡി) പ്രസ്തുത പദ്ധതി വിജയം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ഡി) & (ഇ) ബാധകമല്ല. |
| (ഇ) പദ്ധതി നടത്തിപ്പിലെ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ.